## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6993 13.07.2012 -ൽ മറുപടിക്ക്

## മലപ്പുറം കൊണ്ടോട്ടിയിൽ ഇ.എസ്.ഐ.ഡിസ്പെൻസറി തുടങ്ങാൻ അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ)മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ 2 ഡോക്ടർമാരുടെ സേവനം ലഭിക്കുന്ന ഇ.എസ്.ഐ. ഡിസ്പെൻസറി തുടങ്ങുന്നതിന് കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധമായ വിശദാംശം നൽകാമോ; | (എ) കൊണ്ടോട്ടിയിൽ 2 ഡോക്ടർ ടൈപ്പ് ഡിസ്പെൻസറി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതായി 08.04.2011-ലെ നം.-54/യു/13/12/1/2008/എസ്.എം.സി എന്ന കത്തു പ്രകാരം സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (ബി)ഇത് ഉടനെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) മേൽപറഞ്ഞ കത്തിന്റെ അടിസ്ഥാനത്തിൽ, ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ, സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ